# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :T3889 20.07.2015-ൽ മറുപടിയ്ക്ക്

### വൈപ്പിൻ മണ്ഡലത്തിലെ ഭൂരഹിതർക്ക് ഭൂമി

<u>ചോദ്യം</u> <u>മറുപടി</u>

ശ്രീ.എസ്.ശർമ്മ

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി ഉയർത്തുക എന്ന ലക്ഷ്യത്തോടെ വാർഷിക വരുമാനം 75,000/- രൂപയിൽ താഴെയുള്ള ഭൂരഹിതർക്ക് വീട് വയ്ക്കുന്നതിനായി മൂന്ന് സെന്റ് ഭൂമി വീതം പതിച്ചുനൽകിക്കൊണ്ടുള്ള 'ഭൂരഹിതരില്ലാത്ത കേരളം പദ്ധതി' സർക്കാർ നടപ്പിലാക്കി വരുന്നു. |
| (ബി) | വൈപ്പിൻ മണ്ഡലത്തിൽ നിന്നും ഈ ആവശ്യത്തിനായി എത്ര അപേക്ഷകൾ ലഭിച്ചുവെന്ന് വ്യക്തമാക്കാമോ ; | വൈപ്പിൻ മണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിലേക്ക് 2686 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | ഈ അപേക്ഷകരിൽ, കാസർഗോഡ് പോലുള്ള മറ്റു ജില്ലകളിൽ ഭൂമി ലഭിക്കുന്നപക്ഷം സ്വീകരിക്കുവാൻ തയ്യാറാണെന്ന സമ്മതപത്രം നൽകിയവർ എത്രപേരെന്ന് വ്യക്തമാക്കാമോ ; | ഇതര ജില്ലകളിൽ നിന്നുള്ള ഭൂമി സ്വീകരിക്കുന്നതിന് 161 അപേക്ഷകർ സമ്മതപത്രം ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആർക്കും സ്വന്തം ജില്ലയിൽ അല്ലാതെ ഭൂമി വിതരണം ചെയ്തിട്ടില്ല. |
| (ഡി) | വൈപ്പിൻ മണ്ഡലത്തിലെ എത്ര പേർക്ക് ഭൂമി ലഭ്യമാക്കിയെന്നും, എവിടെയൊക്കെയെന്നും വിശദമാക്കാമോ ; | ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുഴിപ്പിള്ളി വില്ലേജിൽ 7 കുടുംബങ്ങൾക്കും, കടമക്കുടി വില്ലേജിൽ 1 കുടുംബത്തിനും ഭൂമി അനുവദിച്ചിട്ടുണ്ട്. |
| (ഇ) | ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തുടർനടപടി വിശദമാക്കാമോ ? | പദ്ധതിയുടെ രണ്ടാംഘട്ടത്തിലെ പട്ടയ വിതരണത്തിനുള്ള നടപടികൾ നടന്നുവരികയാണ്. രണ്ടാം ഘട്ടത്തിൽ പരമാവധി ഗുണഭോക്താക്കൾക്ക് ഭൂമി നൽകാനാണ് ശ്രമിച്ചു വരുന്നത്. |

e.K.V.Kunhy

സെക്ഷൻ ഓഫീസർ